REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 06-09-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- കേന്ദ്ര കൊണ്ടുവന്ന പൗരകേന്ദ്രീകൃത GST പരിഷ്ക്കരണം എല്ലാ മേഖലയിലും ജീവിതച്ചെലവ് വെട്ടിച്ചുരുക്കാൻ വഴിയൊരുക്കുമെന്ന് സാമ്പത്തിക വിദഗ്ധർ.
- ഭക്ഷ്യസാധനങ്ങളുടെ GST ഒഴിവാക്കിയതും, മറ്റിനങ്ങൾക്ക് അഞ്ച് ശതമാനം സ്ലാബ് ഏർപ്പെടുത്തിയതും, പാവപ്പെട്ടവർക്കും, ഇടത്തരക്കാർക്കും ഏറെ ആശ്വാസമാകുമെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി.
- ശ്രീനാരായണഗുരുവിന്റെ 171-ാം ജയന്തി ആഘോഷങ്ങൾ നാളെ.
- സ്പെയിനിന്റെ കാർലോസ് അൽക്കാരസ്, US ഓപ്പൺ ടെന്നിസിൽ പുരുഷ സിംഗിൾസ് ഫൈനലിലെത്തി.
- കേരള ക്രിക്കറ്റ് ലീഗിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ് ഫൈനലിലെത്തി.

## വാർത്തകൾ വിശദമായി

**കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന പൗരകേന്ദ്രീകൃത GST പരിഷ്ക്കരണം എല്ലാ മേഖലയിലും സാധനവില കുറയ്ക്കാനും, അതുവഴി ജീവിതച്ചെലവ് വെട്ടിച്ചുരുക്കാനും വഴിയൊരുക്കുമെന്ന് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നു. മിക്ക നിത്യോപയോഗ സാധനങ്ങൾക്കും GST നിരക്ക് അഞ്ച് ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്. ദൃഢവും സമഗ്രവുമായ വരുംതലമുറ GST പരിഷ്ക്കരണം സാധാരണക്കാർക്കാണ് ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നത് എന്നതിന് വ്യക്തമായ തെളിവാണെന്ന് കേന്ദ്ര**

പരോക്ഷ നികുതി ബോർഡ് ചെയർപേഴ്സൺ സഞ്ജയ്കുമാർ അഗർവാൾ ആകാശവാണി ന്യൂസിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ഈ മാസം 22 നാണ് പുതിയ GST നിരക്കുകൾ പ്രാബല്യത്തിലാകുന്നത്. പാക്കറ്റ് ഭക്ഷണത്തിനും, ഭക്ഷ്യോത്പന്നങ്ങൾക്കും, നിത്യോപയോഗ സാധനങ്ങൾക്കും GST യിലെ കുറഞ്ഞ സ്ലാബായ അഞ്ച് ശതമാനമായിരിക്കും ഈടാക്കുന്നത്. ഹെയർ ഓയിൽ, സോപ്പ്, ഷാംമ്പു, ടൂത്ത് പേസ്റ്റ്- ടൂത്ത് ബ്രഷ്, ഷേവിംഗ് ക്രീം എന്നിവയ്ക്കെല്ലാം GST അഞ്ച് ശതമാനമായിരിക്കും. കേടുകൂടാതെ സൂക്ഷിക്കാവുന്ന പാൽ, പനീർ, ചെനക്കടല, ചപ്പാത്തി, പൊറോട്ട എന്നിവയ്ക്ക് പൂർണമായ GST ഇളവ് നൽകിയിട്ടുണ്ട്. നംകീൻ, ഭുജിയ, സോസുകൾ, പാസ്ത, ന്യൂഡിൽസ്, ചോക്ലേറ്റ്, കാപ്പി, കോൺഫ്ലേക്സ്, വെണ്ണ, നെയ്യ് എന്നിവയ്ക്കെല്ലാം അഞ്ച് ശതമാനമാണ് പുതുക്കിയ GST നിരക്ക്. സൈക്കിളുകൾ, അടുക്കള സാധനങ്ങൾ, ഡയപ്പർ, തുന്നൽ മെഷീൻ എന്നിവയ്ക്കും അഞ്ച് ശതമാനമാണ് ചരക്കുസേവന നികുതി.

ഭക്ഷ്യസാധനങ്ങളുടെ GST എടുത്തുകളഞ്ഞതും, മറ്റിനങ്ങൾക്ക് നികുതി അഞ്ച് ശതമാനമാക്കിയും, പാവപ്പെട്ടവർക്കും, ഇടത്തരക്കാർക്കും വലിയ ആശ്വാസമാണെന്ന് കേന്ദ്ര ഉപഭോക്തൃകാര്യമന്ത്രി പ്രൽഹാദ് ജോഷി ന്യൂഡൽഹിയിൽ പറഞ്ഞു. GST പരിഷ്ക്കരണത്തിന്റെ മികച്ച തീരുമാനങ്ങളിലൊന്നാണിതെന്നും ജോഷി പറഞ്ഞു.

✪✪✪

99 ശതമാനം ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും GST പൂർണമായി ഒഴിവാക്കുകയോ, അഞ്ച് ശതമാനമായി നിശ്ചയിക്കുകയോ ചെയ്തതായി ഒരു സ്വകാര്യചാനൽ അഭിമുഖത്തിൽ ധനമന്ത്രി നിർമ്മലാ സീതാരാമൻ വ്യക്തമാക്കി. ഉപഭോഗം വർദ്ധിപ്പിക്കാൻ സഹായിക്കുന്ന GST പരിഷ്ക്കരണം, മൂലധന ചെലവുകളിൽ ആഘാതമുണ്ടാക്കില്ലെന്ന് അവർ അറിയിച്ചു. അമേരിക്കയുടെ 50 ശതമാനം ഇറക്കുമതി നികുതിയുടെ സാഹചര്യത്തിൽ കയറ്റുമതിക്കാരെ സഹായിക്കാൻ കേന്ദ്രം നടപടികൾ ആവിഷ്ക്കരിച്ചുവരികയാണെന്നും നിർമ്മലാ സീതാരാമൻ പറഞ്ഞു.

✪✪✪

ഉത്തരേന്ത്യയിൽ വെള്ളപൊക്കം രൂക്ഷമായ ജമ്മുവിലും പഞ്ചാബിലും രക്ഷാപ്രവർത്തനം തുടരുന്നു. ജമ്മു കശ്മീരിലെ റാമ്പൻ ജില്ലയിൽ 283 വീടുകൾ തകർന്നു. പ്രദേശത്ത് മിന്നൽ പ്രളയവും മണ്ണിടിച്ചിലും റിപ്പോർട്ട് ചെയ്തു. ആയിരത്തോളം പേരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി

പാർപ്പിച്ചു. ഹിമാചൽപ്രദേശിലെ കുളു ജില്ലയിലും വ്യാപക നാശനഷ്ടം ഉണ്ടായെന്നാണ് റിപ്പോർട്ട്.

ജമ്മുവിലെ ഉധംപൂർ ജില്ലയിൽ പ്രളയബാധിതർക്ക് വ്യോമസേനാ ഹെലികോപ്ടറുകൾ ഇന്നലെ ആറ് ടൺ ദുരിതാശ്വാസ സാമഗ്രികൾ എത്തിച്ചു.

✪✪✪

പ്രളയബാധിതമായ പഞ്ചാബിലെയും ഹിമാചൽപ്രദേശിലെയും രക്ഷാപ്രവർത്തനത്തിന് പരിശീലനം ലഭിച്ച ആയിരത്തിലേറെ MY ഭാരത് ആപ്ത മിത്രങ്ങളെ അണി നിരത്തുമെന്ന് കേന്ദ്രമന്ത്രി ഡോ.മൻസൂഖ് മാണ്ഡവ്യ പറഞ്ഞു. സമയബന്ധിതമായ സഹായം നൽകാൻ ജില്ലാ മജിസ്ട്രേറ്റുമാരുമായി സഹകരിച്ച് പ്രവർത്തിക്കാൻ MY ഭാരത് വൊളണ്ടിയർമാർക്കും ജില്ലാ യൂത്ത് ഓഫീസർമാർക്കും കേന്ദ്ര മന്ത്രി നിർദേശം നൽകി.

✪✪✪

പഞ്ചാബിലെയും ഉത്തരേന്ത്യയിലെയും വെള്ളപൊക്ക ബാധിത പ്രദേശങ്ങളിൽ വൈദ്യസഹായവും മാനുഷിക പിന്തുണയും നൽകുന്നതിന് ഡൽഹി എയിംസ് പ്രത്യേക മെഡിക്കൽ സംഘത്തെ അയച്ചു. മെഡിസിൻ, സൈക്യാട്രി, പീഡിയാട്രിക്സ് ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽ വൈദഗ്ധ്യം നേടിയ 11 ഡോക്ടർമാരും, 11 നഴ്സുമാരും സംഘത്തിലുണ്ട്.

✪✪✪

മൗറീഷ്യസ് പ്രധാനമന്ത്രി നവീൻ ചന്ദ്ര രംഗൂലം ഈ മാസം ഒമ്പതിന് ഇന്ത്യ സന്ദർശിക്കും. പതിനാറു വരെയാണ് സന്ദർശനം. ഡൽഹിക്കു പുറമെ മുംബൈ, വാരണാസി, അയോദ്ധ്യ, തിരുപ്പതി എന്നിടങ്ങളും രംഗൂലം സന്ദർശിക്കും.

✪✪✪

ഓപ്പറേഷൻ സിന്ദൂറിനെപ്പറ്റി റിട്ടയേർഡ് ലെഫ്റ്റനന്റ് ജനറൽ KJS ധില്ലൻ എഴുതിയ ' ദ അൺറോൾഡ് സ്റ്റോറി ഓഫ് ഇന്ത്യാസ് ഡീപ്പ് സ്ട്രൈക്ക്സ് ഇൻസൈഡ് പാകിസ്ഥാൻ' എന്ന പുസ്തകം കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഡൽഹിയിൽ പ്രകാശനം ചെയ്തു.

ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ സേന ഒത്തൊരുമയോടെ നീങ്ങിയെന്നും, ഓരോ സൈനികനും കടമകൾ പൂർണമായി നിറവേറ്റിയെന്നും ജനറൽ ഉപേന്ദ്ര ദ്വിവേദി പറഞ്ഞു.

✪✪✪

**ഗൃഹാതുര സ്മരണകളോടെ മലയാളികൾ ഇന്നലെ തിരുവോണം ആഘോഷിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ ഓണാഘോഷത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചിരുന്നു.**

**ഇന്ന് അവിട്ടം. തിരുവോണമാഘോഷിച്ച മലയാളികൾ ഇന്ന് ബന്ധുവീടുകളിൽ സന്ദർശനങ്ങളും സൗഹൃദക്കൂട്ടായ്മകളുമായി ആഘോഷ ലഹരിയിലാണ്.**

✪✪✪

**ഓണപൂജയ്ക്ക് ശേഷം ശബരിമലയിൽ നാളെ രാത്രി നട അടയ്ക്കും. സന്നിധാനത്ത് ദേവസ്വം ബോർഡിന്റെ ഓണസദ്യ ഇന്ന് നടത്തും.**

✪✪✪

**ശ്രീനാരായണഗുരുവിന്റെ 171-ാം ജയന്തി ആഘോഷങ്ങൾ നാളെ നടത്തും. ശിവഗിരിയിലും വർക്കലയിലും ജയന്തിയോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ചതയ ദിനത്തിലാണ് ശ്രീനാരായണ ഗുരു ജയന്തി ആഘോഷിക്കുന്നത്.**

✪✪✪

**സംസ്ഥാനത്ത് മിക്ക ജില്ലകളിലും ഇന്നും മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ വിലയിരുത്തൽ. ഒരിടത്തും ജാഗ്രതാ നിർദ്ദേശമില്ല. തീരമേഖലയിലും പ്രത്യേക മുന്നറിയിപ്പ് നൽകിയിട്ടില്ല.**

✪✪✪

**കോഴിക്കോട് മാനിപുരത്ത് ഇന്നലെ പുഴയിൽ വീണ കുട്ടിക്കായി തിരച്ചിൽ രാവിലെ പുനരാരംഭിക്കും. ഒഴുക്കിൽപ്പെട്ട പത്തുവയസ്സുകാരിയുടെ സഹോദരനെ നാട്ടുകാർ രക്ഷപ്പെടുത്തിയിരുന്നു. അഗ്നിശമന സേനയുടെ സ്കൂബാ ടീം സ്ഥലത്തുണ്ട്.**

✪✪✪

**US ഓപ്പൺ ടെന്നിസിൽ സ്പെയിനിന്റെ കാർലോസ് അൽക്കാരസ് പുരുഷ വിഭാഗം സിംഗിൾസ് ഫൈനലിലെത്തി. സെമി ഫൈനലിൽ നൊവാക് ജോക്കോവിച്ചിനെയാണ് അൽക്കാരസ് പരാജയപ്പെടുത്തിയത്.**

✪✪✪

**കേരള ക്രിക്കറ്റ് ലീഗിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ് ഫൈനലിലെത്തി. ഇന്നലെ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ 15 റൺസിന് തോൽപ്പിച്ചാണ് ടൈഗേഴ്സ് രണ്ടാം ഫൈനലിസ്റ്റുകളായത്. നാളെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വൈകിട്ട് 6.45 നാണ് കൊല്ലം സെയ്ലേഴ്സ്-കൊച്ചി ബ്ലൂ ടൈഗേഴ്സ് ഫൈനൽ മത്സരം.**

✪✪✪

**ഏഷ്യാകപ്പ് പുരുഷ ഹോക്കി സൂപ്പർ ഫോർ ഘട്ടത്തിൽ രാജ്ഗിറിൽ ഇന്ത്യ വൈകീട്ട് ചൈനയെ നേരിടും. പോയിന്റ് നിലയിൽ ഇന്ത്യ സൂപ്പർ ഫോറിൽ ഒന്നാം സ്ഥാനത്ത് തുടരുകയാണ്.**

✪✪✪

**കൊതിപ്പിക്കുന്ന മധുരം, അതിനൊപ്പം ഗുണവും- മറയൂർ ശർക്കരയുടെ മേന്മ അതാണ്. ഈ തദ്ദേശീയ ശർക്കരയ്ക്ക് ഭൗമസൂചികാ പദവി ലഭിക്കാനും കാരണം മറ്റൊന്നല്ല. ഈ ഓണത്തിന് മറയൂർ ശർക്കരയ്ക്ക് വിപണിയിൽ വൻ ഡിമാൻഡായിരുന്നു.**

**ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ**

**..........(വോയ്സ് )..................**

✪✪✪

**മംഗലൂരു- തിരുവനന്തപുരം- മംഗലൂരു വന്ദേഭാരത് എക്സ്പ്രസ് അടുത്ത ചൊവ്വാഴ്ച മുതൽ 20 കോച്ചുകളുമായി യാത്ര ആരംഭിക്കും. നിലവിൽ 16 കോച്ചുകളാണ് വന്ദേഭാരത് സർവീസിന് ഉപയോഗിക്കുന്നത്. 312 അധികസീറ്റുകൾ കൂടി ലഭ്യമാകുന്നതോടെ 1,440 പേർക്ക് ട്രെയിനിൽ സഞ്ചരിക്കാനാകും. 16 ചെയർകാർ കോച്ചുകളും, രണ്ട് എക്സിക്യൂട്ടീവ് ചെയർ കാർ കോച്ചുകളുമാണ് റാക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**

**ഓണ യാത്രാതിരക്ക് മുൻനിർത്തി നാളെ തൂത്തുകുടിയിൽ നിന്ന് വരുന്ന പാലരുവി എക്സ്പ്രസിന് ഇരിങ്ങാലക്കുടയിൽ ഒരു മിനിറ്റ് സ്റ്റോപ്പ് അനുവദിച്ചു. മറ്റന്നാൾ പാലക്കാട്ടു നിന്ന് പുറപ്പെടുന്ന സർവീസിനും അധികസ്റ്റോപ്പ് ഉണ്ടായിരിക്കും.**

**കോയമ്പത്തൂർ നോർത്ത് സ്റ്റേഷനിലെ നവീകരണ ജോലികളെ തുടർന്ന് നാളെ രാവിലെ ആലപ്പുഴയിൽ നിന്ന് പുറപ്പെടുന്ന ധൻബാദ് എക്സ്പ്രസ്, കോയമ്പത്തൂർ ജംഗ്ഷൻ ഒഴിവാക്കി പോഡന്നൂർ- ഇരുഗുർ വഴിയായിരിക്കും സർവീസ് നടത്തുക.**

**നാളത്തെ എറണാകുളം KSR ബംഗളൂരു ഇന്റർസിറ്റി എക്സ്പ്രസും പോത്തന്നൂർ വഴി തിരിച്ചുവിട്ടിട്ടുണ്ട്.**

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ, പ്രവീൺ*
*DEO : ഷീബ*